ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:17.06.2024

## പ്രധാനവാർത്തകൾ

1). പശ്ചിമബംഗാളിൽ ട്രെയിനുകൾ കൂട്ടിയിടിച്ച് അഞ്ച് മരണം; നിരവധി പേർക്ക് പരിക്ക്; കാഞ്ചൻജംഗ എക്സ്പ്രസിലേക്ക് ചരക്കുതീവണ്ടി ഇടിച്ചു കയറിയാണ് അപകടം.

2). പി എം കിസാൻ സമ്മാൻനിധി പദ്ധതിയുടെ പതിനേഴാമത് ഗഡുവിൻറെ വിതരണം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ നിർവ്വഹിക്കും.

3). ത്യാഗ സ്മരണകൾ പുതുക്കി ഇന്ന് ബലി പെരുന്നാൾ; പള്ളികളിൽ പെരുന്നാൾ നമസ്സ്കാരം നടന്നു.

4). വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ഈ മാസം തന്നെ ട്രയൽ റൺ ആരംഭിക്കാൻ സംസ്ഥാന സർക്കാർ തീരുമാനം.

5). ട്വൻറി- 20 ക്രിക്കറ്റിൽ ഇന്ന് രാവിലെ നടന്ന മത്സരങ്ങളിൽ ബംഗ്ലാദേശിനും ശ്രീലങ്കയ്ക്കും ജയം.

RNU TVPM

*****************************************************

**<u>പശ്ചിമബംഗാൾ - ട്രെയിൻ അപകടം</u>**

പശ്ചിമബംഗാളിലെ ഡാർജിലിംഗ് ജില്ലയിലെ സിലിഗുഡി സബ് ഡിവിഷന് കീഴിലുള്ള രംഗപാണി സ്റ്റേഷന് സമീപം ട്രെയിനുകൾ കൂട്ടിയിടിച്ച് അഞ്ചുപേർ മരിച്ചു. 30 പേർക്ക് പരിക്കേറ്റു. കാഞ്ചൻ ജംഗ എക്സ്പ്രസിൻറെ പിൻഭാഗത്തേക്ക് ചരക്ക് തീവണ്ടി ഇടിച്ചുകയറിയാണ് അപകടമുണ്ടായത്. രാവിലെ 9.30-ഓടെയായിരുന്നു സംഭവം. രക്ഷാ പ്രവർത്തനം യുദ്ധകാലാടിസ്ഥാനത്തിൽ തുടരുകയാണെന്ന് റെയിൽവേമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. റെയിൽവേ, ദുരന്തനിവാരണ സേന എന്നിവ സംയുക്തമായാണ് രക്ഷാപ്രവർത്തനം നടത്തുന്നത്. പരിക്കേറ്റവരെ ആശുപത്രിയിലേക്ക് മാറ്റുകയാണെന്നും സംഭവം നിർഭാഗ്യകരമാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു. അദ്ദേഹം സംഭവസ്ഥലത്തേക്ക് യാത്ര തിരിച്ചിട്ടുണ്ട്. ചരക്കുതീവണ്ടി സിഗ്നൽ തെറ്റിവന്നതാണ് അപകടത്തിന് ഇടയാക്കിയതെന്നാണ് സൂചന. ത്രിപുരയിലെ അഗർത്തലയിൽ നിന്ന് ബംഗാളിലെ സിൽദയിലേക്ക് സർവ്വീസ് നടത്തുന്ന <u>1 3 1 7 4</u> നമ്പർ കാഞ്ചൻജംഗ എക്സ്പ്രസാണ് അപകടത്തിൽപ്പെട്ടത്. ട്രെയിനിൻറെ മൂന്ന് കോച്ചുകൾക്ക് സാരമായി കേടുപാടുകൾ സംഭവിച്ചു.

*****************************************************

**<u>രാഷ്ട്രപതി - ട്രെയിൻ അപകടം</u>**

പശ്ചിമ ബംഗാളിൽ ട്രെയിൻ അപകടത്തിൽ അനുശോചനം അറിയിച്ച് രാഷ്ട്രപതി ദ്രൗപദി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറും, പ്രധാനമന്ത്രി നരേന്ദ്രമോദിയും. സംഭവം

RNU TVPM

വേദനാജനകമാണെന്നും ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങളുടെ വേദനയിൽ പങ്ക് ചേരുന്നതായും രാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. മരിച്ചവരുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപയും ദുരിതാശ്വാസ നിധിയിൽ നിന്ന് നൽകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സമൂഹമാധ്യമത്തിലൂടെ അറിയിച്ചു.
സ്ഥിതിഗതികൾ സംബന്ധിച്ച് ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തിയതായും അദ്ദേഹം പറഞ്ഞു.
**************************************************

## പി.എം. കിസാൻ സമ്മാൻ നിധി

പി എം കിസാൻ സമ്മാൻനിധി പദ്ധതിയുടെ പതിനേഴാമത് ഗഡു വിതരണോദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ നിർവ്വഹിക്കും. 20,000 കോടിയോളം രൂപയാണ് ഇതുവഴി കർഷകരുടെ അക്കൗണ്ടുകളിലേക്ക് കൈമാറുന്നത്.
9 കോടി 3 ലക്ഷം കർഷകർക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുക. വാരാണസിയിലാണ് ഇതുമായി ബന്ധപ്പെട്ട പരിപാടി സംഘടിപ്പിക്കുന്നത്. പ്രതിവർഷം മൂന്ന് ഗഡുക്കളായി ആറായിരം രൂപയാണ് പി.എം. കിസാൻ സമ്മാൻനിധി പദ്ധതിയിലൂടെ കർഷകർക്ക് നൽകുന്നത്.
**************************************************

## ബലി പെരുന്നാൾ - കോഴിക്കോട്

ഇബ്രാഹിം നബിയുടെ ത്യാഗ സ്മരണകൾ പുതുക്കി വിശ്വാസികൾ സംസ്ഥാനത്ത് ബലി പെരുന്നാൾ ആഘോഷിക്കുന്നു.
പള്ളികളിലും ഈദ് ഗാഹുകളിലും പെരുന്നാൾ നമസ്ക്കാരം നടന്നു. തിരുവനന്തപുരം പാളയം ജുമാ മസ്ജിദ് ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ നടന്ന പ്രാർത്ഥനയിൽ

RNU TVPM

നിരവധി വിശ്വാസികൾ പങ്കെടുത്തു. കോഴിക്കോട് ജില്ലയിലെ വിവിധ പള്ളികളിലും പെരുന്നാൾ നമസ്ക്കാരം നടന്നു
****************************************************

**ഹജ്ജ് സമാപനം**

ഹജ്ജ് തീർത്ഥാടനം അവസാന ഘട്ടത്തിലെത്തി. ഇന്നലെ പുലർച്ചെ ജംറയിൽ കല്ലേറ് കർമ്മം നടത്തിയ തീർത്ഥാടകർ ബലിയർപ്പണം പൂർത്തിയാക്കി കഅ്ബ പ്രദക്ഷിണം നടത്തി. ഇന്നും നാളെയുമായി മിനായിലെ കല്ലേറ് കർമ്മം പൂർത്തിയാക്കി കഅ്ബ യ്ക്കു ചുറ്റും വിടവാങ്ങൽ പ്രദക്ഷിണം നടത്തുന്നതോടെ ഹജ്ജ് കർമ്മത്തിന് സമാപനമാകും.
****************************************************

**പാലക്കാട് - കൊക്കൊക്കോള**

പാലക്കാട് പ്ലാച്ചിമടയിൽ കൊക്കോകോള കമ്പനിയുടെ കൈവശമുണ്ടായിരുന്ന 35 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തു. ഭൂമി വിട്ടു നൽകാൻ തയ്യാറാണെന്ന് കമ്പനി രേഖാമൂലം അറിയിച്ചതിനെ തുടർന്നായിരുന്നു നടപടി. പാലക്കാട് ആർ.ഡി. ഒ യുടെ നേതൃത്വത്തിൽ നടപടി ക്രമങ്ങൾ പൂർത്തിയാക്കി, ഇന്നലെയാണ് രേഖകൾ ഏറ്റുവാങ്ങിയത്. ജല ചൂഷണത്തിനെതിരെയുള്ള പ്രദേശവാസികളുടെ ജനകീയ സമരത്തെ തുടർന്നാണ് പ്ലാച്ചിമടയിലെ കോള കമ്പനി പൂട്ടിയത്.
****************************************************

**വിഴിഞ്ഞം**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ഈ മാസം തന്നെ ട്രയൽ റൺ ആരംഭിക്കാൻ സംസ്ഥാന സർക്കാർ തീരുമാനം. തുറമുഖം പ്രവർത്തനം ആരംഭിക്കുന്നതിന് ഏതാനും അനുമതികൾ കൂടി ലഭിക്കാനുണ്ടെങ്കിലും ആദ്യ ഘട്ടത്തിന്

RNU TVPM

ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇതിനകം പൂർത്തിയായിട്ടുണ്ടെന്ന് അധികൃതർ അറിയിച്ചു. കസ്റ്റംസ് അംഗീകാരം ലഭിച്ചതോടെ തുറമുഖത്തിലൂടെയുള്ള ചരക്കുനീക്കവും നിയമവിധേയമായി. വലിയ മദർഷിപ്പുകൾക്ക് എത്താൻ കഴിയുന്ന രാജ്യത്തെ ഒരേ ഒരു തുറമുഖമാണ് വിഴിഞ്ഞം.

***************************************************

**<u>ജോർജ് കുര്യൻ</u>**

കുവൈറ്റിലെ ഫ്ലാറ്റിൽ ഉണ്ടായ തീപിടുത്തത്തിൽ മരണമടഞ്ഞ മാത്യു തോമസിന്റെ ചെങ്ങന്നൂരിലെ വസതിയിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ സന്ദർശിച്ചു. രാവിലെ 9 മണിയോടെ പാണ്ടനാടുള്ള വസതിയിൽ എത്തി ആദരാഞ്ജലികൾ അർപ്പിച്ചു. കേന്ദ്രസർക്കാരിൻ്റെ എല്ലാവിധ സഹായങ്ങളും ബന്ധുക്കൾക്ക് അദ്ദേഹം ഉറപ്പ് നൽകി. 30 വർഷമായി കുവൈറ്റിലെ ഷോപ്പിംഗ് മാളിൽ സെയിൽസ് മാൻ ആയി ജോലി ചെയ്തു വരികയായിരുന്നു മാത്യു തോമസ്. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് നടക്കും.

RNU TVPM

***************************************************

**<u>കൊട്ടിയൂർ വൈശാഖോത്സവം - (ഇൻട്രോ)</u>**

ഒരുമാസക്കാലത്തോളം നീണ്ടു നിന്ന കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന് സമാപനമായി. തൃക്കലശാട്ടോടെയാണ് ഉത്സവം സമാപിച്ചത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി
കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ..
<u>(വോയിസ്...........)</u>

***************************************************

**<u>ഡീ ലിമിറ്റേഷൻ കമ്മീഷൻ</u>**

2025- ൽ നടക്കാനിരിക്കുന്ന സംസ്ഥാന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞടുപ്പിന് മുന്നോടിയായി സംസ്ഥാന സർക്കാർ ഡീ ലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. തെരഞ്ഞെടുപ്പിന് മുന്നോടിയായി എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും, വാർഡുകളുടേയും, വിഭജനവും അതിർത്തി നിർണ്ണയവും നടത്തുന്നതിനാണ് കമ്മീഷൻ രൂപീകരിച്ചത്. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ ചെയർമാനായുള്ള കമ്മീഷനിൽ മറ്റ് നാല് അംഗങ്ങൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്.

***********************************************************

RNU TVPM

**<u>ഗദ്ദിക- വയനാട് - (ഇൻട്രോ)</u>**

നാടിൻറെ നല്ല കാലത്തിനായി ഗദ്ദികയുടെ ഉണർത്തുപാട്ടുമായ് വീണ്ടുമൊരു നാടു നീക്കൽ കാലം. .ചുവപ്പു പട്ടുടുത്ത് ചിലങ്ക കിലുക്കി രോഗങ്ങളെ നാടുനീക്കാനായി അടിയ സമുദായം വർഷംതോറും നടത്തുന്ന ഗദ്ദികയെന്ന പാരമ്പര്യഅനുഷ്ഠാനം തിരുനെല്ലിയിലെ വീടുകളിൽ എല്ലാം സന്ദർശനം നടത്തിയാണ് സമാപിക്കുക.

ആകാശവാണി വയനാട് ജില്ലാ പ്രതിനിധി
അരുൺ വിൻസെൻറിൻറെ റിപ്പോർട്ട്.....

(വോയിസ്..........)

***********************************************************

## ക്രിക്കറ്റ്

ട്വൻറി - 20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് രാവിലെ നടന്ന ഗ്രൂപ്പ് മത്സരങ്ങളിൽ ബംഗ്ലാദേശിനും ശ്രീലങ്കയ്ക്കും ജയം.

ഗ്രൂപ്പ് -ഡിയിലെ പോരാട്ടത്തിൽ നേപ്പാളിനെ 21 റൺസിനാണ് ബംഗ്ലാദേശ് പരാജയപ്പെടുത്തിയത്. മറ്റൊരു മൽസരത്തിൽ നെതർലാൻഡ്സിനെ ശ്രീലങ്ക 83 റൺസിന് തോൽപ്പിച്ചു.

രാത്രി നടക്കുന്ന മത്സരത്തിൽ ന്യൂസിലൻഡ് പാപ്പുവ ന്യൂ ഗിനിയയുമായി ഏറ്റുമുട്ടും.

**************************************************

## അമിത് ഷാ

മണിപ്പൂരിലെ സുരക്ഷാ സ്ഥിതിഗതികൾ വിലയിരുത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് വൈകിട്ട് 4 മണിക്ക് ന്യൂഡൽഹിയിൽ ഉന്നതതല യോഗം ചേരും. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ, കരസേന, മറ്റ് സുരക്ഷാ സേന എന്നിവയിലെ മുതിർന്ന ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുക്കും.

RNU TVPM

**************************************************

## ശബരിമല

ശബരിമലയിൽ ഇന്ന് ലക്ഷാർച്ചന നടന്നു. പൂജകൾ പൂർത്തിയാക്കി മറ്റന്നാൾ രാത്രി 10 മണിക്ക് നട അടയ്ക്കും.

**************************************************

## സംസ്ഥാനം - കാലാവസ്ഥ

കേരളത്തിൽ 6 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ആണ് കേന്ദ്ര കാലാവസ്ഥാവകുപ്പ് മഞ്ഞ ജാഗ്രത നിർദ്ദേശം നൽകിയിരിക്കുന്നത്. കേരള തീരത്തും

തമിഴ്നാട് തീരത്തും ഇന്ന് രാത്രി 11.30 വരെ കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.
***************************************************

**<u>പുസ്തകോത്സവം</u>**

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിലുള്ള പബ്ലിക്കേഷൻസ് ഡിവിഷന്റെ

പുസ്തകോത്സവം നാളെ മുതൽ ഈ മാസം 21 വരെ

തിരുവനന്തപുരത്ത് നടക്കും. ഗവണ്മെൻ്റ് പ്രസ്സിന് സമീപത്തുള്ള സെയിൽസ് എംപോറിയത്തിലാണ് മേള നടക്കുക.

ദേശീയ പ്രാധാന്യമുള്ളതും രാജ്യത്തിൻറെ സമ്പന്നമായ ചരിത്ര, സാംസ്കാരിക പൈതൃകത്തെ അടയാളപ്പെടുത്തുന്നതുമായ അറുന്നൂറിൽപ്പരം ഗ്രന്ഥങ്ങൾ പുസ്തകമേളയിൽ വില്പനയ്ക്കായി

ഉണ്ടായിരിക്കും.കേന്ദ്ര ഗവൺമെൻറിൻറെ

വിവിധ മാഗസിനുകളുടെ വരിക്കാരാകുവാനുള്ള സൗകര്യവും മേളയിൽ ഉണ്ട്.

RNUTVPM

*********

*************************

*****************************************************